കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരളശ്ശേരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - lfaddistofficeknr@gmail.com.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൻ.ആർ./സി6/1236/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ - doknr.ksad@kerala.gov.in
ഫോൺ - 04972-707698
തീയ്യതി – 14.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന),

പെരളശ്ശേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം – പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ – മെയിൽ വഴി)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-കെ.എൻ.ആർ./സി6/1236/2017 തിയ്യതി:14.09.2017

## കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-12-2016 മുതൽ 31-03-2017 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണ ക്കുറിപ്പുകൾ നൽകി യതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 04.07.2017 മുതൽ 15.07.2017 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശശീന്ദ്രൻ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ലതീഷ് കുമാർ.കെ | ഓഡിറ്റർ |

### (സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | എ.കെ.ചന്ദ്രൻ | 01.04.2016.മുതൽ 31.03.2017വരെ |
| സെക്രട്ടറി | അശോകൻ മലപ്പിലായി | 01.04.2016.മുതൽ 31.03.2017വരെ |

### (ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.കൃഷ്ണദാസ്,പി | 01.04.2016.മുതൽ 10.11.2016 വരെ |
| | ശ്രീമതി.ദീപ്തി.ആർ | 11.11.2016.മുതൽ 15.11.2016 വരെ |
| | ശ്രീ.പ്രകാശൻ.കെ.കെ. | 16.11.2016.മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ആബേൽ പോൾ സക്കറിയ | 01.04.2016.മുതൽ 13.06.2016 വരെ |
| | ശ്രീമതി.തുളസി ചങ്ങാട് | 14.06.2016.മുതൽ 06.02.2017 വരെ |
| | ശ്രീമതി.ബിന്ദു.എൻ.കെ | 07.02.2016.മുതൽ 13.03.2017 വരെ |
| | ശ്രീ.ആരോമൽ.ആർ | 14.03.2017.മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.എം.പി.ഗിരീഷ് ബാബു | 01.04.2016.മുതൽ 16.01.2017 വരെ |
| | ഡോ.സന്തോഷ് | 17.01.2017.മുതൽ 13.02.2017 വരെ |
| | ഡോ.കിരൺ വിശ്വനാഥ് | 14.02.2017.മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.വിപിൻ.സി (മക്രേരി) | 01.04.2016.മുതൽ 31.03.2017 വരെ |
| | ശ്രീമതി.ശ്രീലത.വി.എം (മാവിലായി) | 01.04.2016.മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ശ്രീമതി.രേഷ്മ.പി.സി | 01.04.2016.മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.പ്രകാശൻ.പി | 01.04.2016.മുതൽ 30.09.2016 വരെ |
| | ശ്രീ.ബിന്റി ലക്ഷ്മൺ | 01.10.2016.മുതൽ 13.10.2016 വരെ |
| | ശ്രീമതി.കെ.ശോഭന | 14.10.2016.മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വിലാസിനി | 01.04.2016.മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ശ്രീജൻ.പി.പി | 01.04.2016.മുതൽ |

| | | |
|---|---|---|
| | | 06.06.2016 വരെ |
| | ശ്രീമതി.സുജന കോണിപ്പൊരിയൻ | 07.06.2016.മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | ഡോ.ജാഷി ദിനകരൻ | 01.04.2016.മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | ഗ്രാമ സഭ. | 1-7 | |
| 8 | ദുരിദാശ്വാസ നിധി | 1-8 | |
| 9 | മോണിറ്ററിംഗ് | 1-9 | |
| 10 | തനത് വരുമാനം | 1-10 | |
| 11 | ക്ഷേമപദ്ധതികൾ | 1-11 | |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-12 | |
| 13 | ആഭ്യന്തരനിയന്ത്രണം | 1-13 | |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 | |
| | ഭാഗം 2 | | |
| 15 | തൊഴിൽ നികുതി പത്രികയിൽ മുഴവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല | 2-1 | |
| 16 | നൂറ്ചതുരശ്രമീറ്ററിൽകൂടുതൽതറവിസ്തീർണ്ണമുള്ളവാണിജ്യആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു | 2-2 | |
| 17 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ ,കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല | 2-3 | |
| | ഭാഗം 3 | | |
| 18 | ബില്ല് തയ്യാറാക്കിയതിൽ അശ്രദ്ധ - 45,358/-രൂപയുടെ നഷ്ടം | 3-1 | |
| 19 | മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് വെള്ളക്കരം ഒടുക്കുന്നത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം | 3-2 | |

| | | | |
|---|---|---|---|
| 20 | മരുന്ന് ലഭ്യമായില്ല -തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്. | 3-3 | |
| 21 | വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-4 | |
| 22 | റോഡ് കട്ടിംഗ് അനുവാദം നൽകൽ- -റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 3-5 | |
| 23 | മരാമത്ത് പ്രവൃത്തികളിൽ നിന്നും സർവ്വീസ് ടാക്സ് ഈടാക്കിയിട്ടില്ല. | 3-6 | |
| 24 | ഇ ടെണ്ടർ- ടെണ്ടർഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല | 3-7 | |
| 25 | വെള്ളക്കരമിനത്തിലെ കുടിശ്ശിക സംബന്ധിച്ച് തീരുമാനം എടുക്കേണ്ടതാണ്. | 3-8 | |
| 26 | വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയിട്ടില്ല. ജലലഭ്യത ഉറപ്പുവരുത്തുന്നില്ല | 3-9 | |
| 27 | ജീവനക്കാരിക്ക് അർഹമായ ഇൻക്രിമെന്റ് ലഭ്യമാക്കേണ്ടതാണ്. | 3-10 | |
| 28 | ഹെഡ്മിസ്ട്രസ്സ് നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ 129720/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-11 | |
| 29 | ക്ഷേമപെൻഷൻ- അപേക്ഷ സ്വീകരിക്കുന്നതു മുതൽ പെൻഷൻ വിതരണം വരെയുള്ള നടപടിക്രമങ്ങൾ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. | 3-12 | |
| | ഭാഗം 4 | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 39 | അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | - | |
| 40 | അനുബന്ധം 2 ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ് | - | |
| 41 | അനുബന്ധം 3 റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് | - | |
| 42 | അനുബന്ധം 4 ബാലൻസ് ഷീറ്റ് | - | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

30.03.2016 തീയ്യതിയിലെ 30/17നം.തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 12390607.00 | 10013750.75 |
| വരവ് | 113647300.00 | 46956606.00 |
| ആകെ | 126037907.00 | 56970356.75 |
| ചെലവ് | 117324259.00 | 44778433.00 |
| നീക്കിയിരിപ്പ് | 8713648.00 | 12191923.75 |

ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ വരവും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ കുറേക്കൂടി സൂക്ഷ്മതയും ജാഗ്രതയും ഉണ്ടാവേണ്ടതും അവ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.07.2017 | 09.06.2017 | തിരിച്ചയച്ചിട്ടില്ല. | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|---|
| 2016-17 | 13.07.2017 മുതൽ 14.07.2017 വരെ | വിശേഷണങ്ങളോട് കൂടിയത് | കെ.എസ്.എ-കെ.എൻ.ആർ സി6/1236/17 തീ.14.09.17 |

വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ താഴെ കൊടുക്കുന്നു

1)ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

2)വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3)'സഞ്ചയ' റിപ്പോർട്ട് പ്രകാരമുള്ള വസ്തു നികുതി ഡിമാൻഡും വാർഷിക ധനകാര്യ പത്രികയിലെ ഡിമാൻഡും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4) ബി 4 പത്രികയിൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 3,75,000 രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക യഥാർത്ഥത്തിൽ നീക്കിയിരിപ്പായിട്ടില്ല. പ്രസ്തുത തുക 30-3-2017 ന് വൌച്ചർ നമ്പർ 21600816 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

5) ബി 11 പത്രികയിലുള്ള ആസ്തി സംബന്ധിച്ച വസ്തുതകളുടെ കൃത്യത പരിശോധിക്കുന്നതിന് അവലംബമാക്കാവുന്ന രേഖകൾ ലഭ്യമല്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2016-17 |
| മുന്നിരിപ്പ് | 10013750.75 |
| വരവ് * | 46956606 |
| ആകെ | 56970356.75 |
| ചെലവ് * | 44778433 |
| നീക്കിയിരിപ്പ് | 12191923.75 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് | മുൻബാക്കി | തൻവർഷ വരഷത്തെ അലോട്ട് മെന്റ്. * | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10442512 | 10442512 | 9752143 | 690369 | 93.38 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1764012 | 1764012 | 1764012 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 48183 | 48183 | 48183 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6984828 | 6984828 | 5309565 | 1675263 | 76 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3161508 | 3161508 | 3161508 | 0 | 100 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5856195 | 5856195 | 4724528 | 1131667 | 80.67 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3066828 | 3066828 | 2009060 | 1057768 | 65.5 |

| | | | | | | |
|---|---|---|---|---|---|---|
| എൻ.ആർ.ഇ.ജി.എസ്. (-) | 236 | 11762919 | 11763155 | 11761491 | 1664 | 99.98 |
| ബി ഫണ്ട് xx | 0 | 51813000 | 51813000 | 51813000 | 0 | 100 |

* എ.സി.ആർ.പ്രകാരം

xx ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

( -) ചെക്ക് ഇഷ്യൂ റജിസ്റ്റർ പ്രകാരം

## 1-6 പദ്ധതി അലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 126 | 47888341 | 103 | 34582376 | 24 | 23 | 76.69% |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 22 | 19 | 7777735 | 6366848 | 81.85 |
| കൃഷി ഓഫീസർ | 6 | 6 | 7619763 | 6519763 | 85.56 |
| വെറ്റിനറി സർജൻ | 6 | 5 | 1306231 | 570347 | 43.66 |
| വി.ഇ.ഒ | 12 | 11 | 3973400 | 2364018 | 59.50 |
| അസി.എഞ്ചിനിയർ | 56 | 39 | 19336970 | 11598289 | 59.98 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 4515899 | 3961030 | 87.71 |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 3 | 2 | 625000 | 600000 | 96 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | 3 | 3 | 649420 | 518438 | 79.83 |
| ഹെഡ് മാസ്റ്റർ | 3 | 3 | 130000 | 129720 | 99.78 |
| അസി.സെക്രട്ടറി | 10 | 10 | 1953923 | 1953923 | 100 |

| | | | | | |
|---|---|---|---|---|---|
| ആകെ | 126 | 103 | 47888341 | 34582376 | 72.21 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 10542512 | 9752143 | 92.5 |
| എസ്.സി.പി | 1764012 | 1764012 | 100 |
| ടി.എസ്.പി | 48183 | 48183 | 100 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 5856195 | 4664528 | 79.65 |
| ലോകബാങ്ക് ധനസഹായം | 3066828 | 2009060 | 65.51 |
| കേന്ദ്രാവിഷ്കൃതം | 500000 | 500000 | 100 |
| സംസ്ഥാനാവിഷ്കൃതം | 439500 | 132000 | 30.03 |
| തനത് ഫണ്ട് | 8052260 | 3484774 | 43.27 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 73000 | - | - |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 675000 | - | - |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1000000 | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 6997883 | 5309565 | 75.87 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 3741358 | 3161508 | 84.50 |
| മറ്റുള്ളവ | 5131610 | 3756604 | 73.21 |
| ആകെ | 47888341 | 34582376 | 72.21 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ 2016-17 വർഷം ഗ്രാമ പഞ്ചായത്തിന് ഏറെക്കുറെ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമിട്ട് സർക്കാർ അനുവദിച്ച ഫണ്ടിന്റെ തുക മുഴുവനായും ചെലവഴിക്കാൻ സാധിച്ചത് നേട്ടമാണ്.

എന്നിരുന്നാലും ലോകബാങ്ക് ധനസഹായം, സംരക്ഷണഗ്രാന്റ് (റോഡ്) എന്നിവയുടെ വിനിയോഗം വേണ്ടത്ര തൃപ്തികരമല്ല.അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളും, വെറ്റിനറി സർജൻ, വി.ഇ.ഒ എന്നിവർ നിർവ്വഹണം നടത്തിയ മറ്റ് പ്രൊജക്ടുളും ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സാധിച്ചില്ലയെന്നത് പോരായ്മയാണ്.

## 1-7 ഗ്രാമ സഭ

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം ഒരു വർഷത്തിൽ നിർബന്ധമായും നാല് ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതാണ് .ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലും ഓഡിറ്റ് കാലയളവിൽ മൂന്ന് തവണ ഗ്രാമ സഭകൾ ചേർന്നിട്ടുണ്ട്.ജൂലൈമാസം ചേർന്ന ഒന്നാമത്തെ ഗ്രാമസഭയിൽ മുൻവർഷത്തെ വാർഷിക പദ്ധതി ചെലവ് അംഗീകരിക്കൽ,2016-17 വർഷത്തെ പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ എന്നിവയും,സെപ്റ്റംബർ മാസം ചേർന്ന രണ്ടാമത്തെ ഗ്രാമസഭയിൽ ബ്ലോക്ക്,ജില്ലാ പഞ്ചായത്ത് പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ഐ.എ.വൈ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ എന്നിവ അംഗീകരിക്കൽ എന്നിവയും നവംബർ മാസം കൂടിയ മൂന്നാമത്തെ ഗ്രാമസഭയിൽ വാർഡ് തല ശുചിത്വ കൺവെൺഷൻ, ലഹരി, മദ്യം, മയക്കമരുന്ന് എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം എന്നിവയും അജണ്ടയായി ഉൾപ്പെടുത്തി. 1997ലെ KPR(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല. പൊതുവെ വലിയതോതിലുള്ള ജനപങ്കാളിത്തം ഗ്രാമസഭകളിൽ ഉണ്ടായിട്ടില്ല. ഗ്രാമസഭ സംഘാടനവും നടത്തിപ്പും കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായുണ്ട്.

## 1-8 ദുരിതാശ്വാസനിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രകൃതിക്ഷോഭം, രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടതഅനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു ദുരിതാശ്വാസനിധി രൂപികരിക്കണമെന്ന് 2003 ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും) ചട്ടങ്ങളിൽവ്യവസ്ഥചെയ്തിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തിൽ നേരത്തെതന്നെ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ദുരിതാശ്വാസനിധി അക്കൗണ്ട് നിഷ്ക്രിയാവസ്ഥയിലാണ്. 2016-17വർഷം അക്കൗണ്ടിലെ പലിശയിനത്തിലുള്ള 1500/- രൂപ വരവല്ലാതെ മറ്റ് ധനസമാഹരണങ്ങൾ ഉണ്ടായിട്ടില്ല. ആർക്കും തന്നെ ധനസഹായം അനുവദിച്ചിട്ടുമില്ല. 31.03.2017ന് ആകെ 11394/-രൂപ അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്. വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഈ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തി പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന; ഗ്രാമപ്രദേശത്ത് താമസിക്കുന്ന നിർധനരായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടത്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ 2016-17 വർഷം പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലെ

ന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കാണാനായത്. ഒരു പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13.02.2009 ലെ ജി.ഒ(എം.എസ്)28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തനപരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യം പഞ്ചായത്ത് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ് .

## 1-10 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | വർഷം 2015-16 | വർഷം 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3578626 | 4411392 | 832766 | 23.27(+) |
| നികുതിയേതര വരവുകൾ | 1239913 | 1467426 | 227513 | 18.35(+) |
| മറ്റുവരവുകൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | 4818539 | 5878818 | 1060279 | 22.00(+) |

## 1-11 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 81600 | 44 |
| കർഷകതൊഴിലാളി വേതനം | 5959800 | 583 |
| വിധവാപെൻഷൻ | 12555600 | 1012 |
| വാർദ്ധക്യകാലപെൻഷൻ | 26155900 | 2528 |
| വികലാംഗപെൻഷൻ | 2822100 | 290 |
| 50 വയസ് തികഞ്ഞവർക്ക് അവിവാഹിത പെൻഷൻ | 3428000 | 282 |

## 1-12 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. 2747/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-13 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. ജീവനക്കാരുടെ യോഗം വിളിച്ച് പഞ്ചായത്തിന്റെ പ്രവർത്തനപുരോഗതി അവലോകനം ചെയ്യുന്നുണ്ട്. ഓഫീസ് പ്രവർത്തനം മെച്ചപ്പെ ടുത്തുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന വിലയിരുത്തലുകൾ നടത്തേണ്ടതായുണ്ട്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.05.2017 മുതൽ 06.05.2017 വരെ | 01.02.2017 മുതൽ 31.03.2017വരെ | 08.06.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.10.2014 മുതൽ 18.10.2014 വരെ | 2009-10 മുതൽ 2013-14 വരെ | 21.11.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പത്രികയിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല

ഗ്രാമ പഞ്ചായത്തിലെ ഓഡിറ്റ് വർഷത്തിലെ തൊഴിൽ നികുതി പത്രിക പരിശോധിച്ചതിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയതായി കാണുന്നില്ല (ഉദാ:സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, പെരളശ്ശേരി നൽകിയ പത്രിക. ക്രമ നം 33) തൊഴിൽ നികുതി കാലയളവിലെ നികുതിക്ക് വിധേയമാകുന്ന വരുമാനത്തിന്റെ ആകെ തുക രേഖപ്പെടുത്തേണ്ടതാണ്.

ഡിമാന്റ് രജിസ്റ്ററിലെ ക്രമ നം. 41 ലെ സീരിയൽ നം. 5 ശ്രീ.ഷെറീഫ്, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, 12.07.2016 ന് ജോലിയിൽ പ്രവേശിച്ചതിന് മുൻപ് ജോലിചെയ്തിരുന്ന സ്ഥാപനത്തിൽ ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുന്നതിന് വേണ്ടി അന്വേഷണകുറിപ്പ് നൽകിയതിന്, 'സ്ഥാപനത്തിനെ അറിയിച്ചിട്ടുണ്ട്' എന്നാണ് മറുപടി നൽകിയത്. പ്രസ്തുത വ്യക്തി തൊഴിൽനികുതി അടവാക്കിയിട്ടില്ലെങ്കിൽ അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകൾ അക്ഷയകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപനത്തിൽ നിന്നുംഇതുവരെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .ആയത് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 നൂറ് ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 203(2) ബി, പ്രകാരം തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും സെക്ഷൻ 203(9) പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-)o ഉപവകുപ്പിൽ രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, 7-)o ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി മൊത്തം വാർഷിക നികുതി തിട്ടപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാലിതിനു വിരുദ്ധമായി ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ മുറികൾക്കും പ്രത്യേകം പ്രത്യേകം നികുതി കണക്കാക്കിയാണ് താഴെ പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടടത്തിന്റെ മുറികൾക്ക് നികുതി കണക്കാക്കിയതായി ഫയൽ പരിശോധിച്ചപ്പോൾ കാണാനായത്.

തദ്ദേശ സ്വയംഭരണ (ആർഡി) വകുപ്പിന്റെ 19.01.2011 ലെ സഉ(അച്ചടി)19/2011 തസ്വഭവ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ കെട്ടിട നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ 11.10.2011 ലെ 59/2011 തീരുമാന പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി 50 രൂപ/M2 ഉം 100 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള വാണിജ്യകെട്ടിടങ്ങൾക്ക് 60 രൂപ /M2 ആയാണ് നിർണ്ണയിച്ചത്.100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിൽനിന്ന് വസ്തുനികുതി കുറവായാണ് ഈടാക്കിയത്.വിശദവിവരം ചുവടെ നൽകുന്നു.

1)കെട്ടിടഉടമയുടെ പേര്- അരുവിൻ കരുവാൻ വളപ്പിൽ സാജിദ്

ഫയൽ നമ്പർ – എ4/6888/16 തീ.06.10.2016

ആകെ തറവിസ്തീർണ്ണം-530.26 sqm(കംപ്ലീഷൻ പ്ലാൻ പ്രകാരം)

| ഡിമാന്റ് നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം sqm | വസ്തുനികുതി @50/M2 പ്രകാരം ഈടാക്കിയത് | വസ്തുനികുതി @60/M2 പ്രകാരം ഈടാക്കേണ്ടത് | റിമാർക്സ് |
|---|---|---|---|---|---|
| 11433 | 17/226A | 101.16 | 7868 | -- | 20% വർദ്ധനവ് |
| 11434 | 17/226B | 47.6 | 3085 | 3427 | |

| | | | | | |
|---|---|---|---|---|---|
| 11435 | 17/226C | 14.52 | 943 | 1045 | |
| 11436 | 17/226D | 13.36 | 868 | 962 | |
| 11437 | 17/226E | 79.64 | 5162 | 5734 | |
| 11438 | 17/226F | 104.1 | 7593 | -- | 20% വർദ്ധനവ് 5% ഇളവ് |
| 11439 | 17/226G | 27.05 | 1667 | 1852 | |
| 11440 | 17/226H | 22.43 | 1375 | 1534 | |
| 11441 | 17/226I | 24.65 | 1480 | 1686 | |
| 11442 | 17/226J | 35.58 | 2192 | 2434 | |
| 11443 | 17/226K | 17.8 | 1098 | 1218 | |
| 11444 | 17/226L | 17.81 | 1098 | 1218 | |
| 11445 | 17/226M | 24.65 | 1520 | 1686 | |
| | ആകെ | | 20488 | 22796 | |

കുറവ് – 2308/-

2) കെട്ടിടഉടമയുടെ പേര്- വെള്ളുവ രയരോത്ത് ഉഷവിജയൻ

ഫയൽ നമ്പർ.എ4/9698/16 തീ.28.12.16

ആകെ തറവിസ്തീർണ്ണം-230.07 sqm(കംപ്ലീഷൻ പ്ലാൻ പ്രകാരം)

| ഡിമാന്റ് നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം sqm | വസ്തുനികുതി @50/M2 പ്രകാരം ഈടാക്കിയത് | വസ്തുനികുതി @60/M2 പ്രകാരം ഈടാക്കേണ്ടത് | റിമാർക്സ് |
|---|---|---|---|---|---|
| 11514 | X/279A | 79.39 | 5146 | 5716 | 20% വർദ്ധനവ് |
| 11515 | X/279B | 19.68 | 1277 | 1417 | |
| 11516 | X/279C | 105.27 | 7779 | -- | -- |
| 11517 | X/279D | 11.91 | 735 | 813 | 20% വർദ്ധനവ് 5% ഇളവ് |
| 11518 | X/279E | 13.82 | 828 | 945 | |
| | ആകെ | | 7986 | 8891 | |

കുറവ് – 905

3)കെട്ടിട ഉടമയുടെ പേര്- മുഹമ്മദ് ഷാഫി.സിപി

ഫയൽ നമ്പർ. എ4/3812/16 തീ.23.03.2017

ആകെ തറവിസ്തീർണ്ണം-167.10sqm (കംപ്ലീഷൻ പ്ലാൻ പ്രകാരം)

| ഡിമാന്റ് നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം sqm | വസ്തുനികുതി @50/M2 പ്രകാരം ഈടാക്കിയത് | വസ്തുനികുതി @60/M2 പ്രകാരം ഈടാക്കേണ്ടത് | റിമാർക്സ് |
|---|---|---|---|---|---|
| 11584 | 1/188A | 16.82 | 926 | 1110 | 20%വർദ്ധനവ് 10% ഇളവ് |
| 11585 | 1/188B | 16.82 | 926 | 1110 | |
| 11586 | 1/188C | 16.82 | 926 | 1110 | |
| 11587 | 1/188D | 10 | 550 | 660 | 20%വർദ്ധനവ് 10% ഇളവ് |
| 11588 | 1/188E | 17.78 | 930 | 1114 | |
| 11589 | 1/188F | 17.78 | 930 | 1114 | 5% ഇളവ് |
| 11590 | 1/188G | 17.78 | 930 | 1114 | |
| 11591 | 1/188H | 53.32 | 2640 | 3343 | |
| | | | 8758 | 10675 | |

കുറവ് – 1917

100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് തീരുമാന പ്രകാരമുള്ള വസ്തു നികുതിയും, സേവന നികുതി, ലൈബ്രറി സെസ് എന്നിവ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും കുറവ് വന്ന ₹ 5130/- ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി തൻവർഷ വരവായി 2695547/- രൂപയും കുടിശ്ശികയായി തൻവർഷം 155447/- രൂപയും വരവുണ്ട്. ബാലൻസ് ഷീറ്റിൽ കുടിശ്ശികയായി 47724/- രൂപയുമുണ്ട്. ഇത് രേഖപ്പെടുത്തേണ്ട ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പൂർത്തിയാക്കിയിട്ടുണ്ടോ എന്നറിയുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണം നൽകിയിട്ടുണ്ടെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബില്ല് തയ്യാറാക്കിയതിൽ അശ്രദ്ധ-45,358/-രൂപയുടെ നഷ്ടം.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

ബിൽ നം - 7/16-17 തീയ്യതി.08.03.2017

പ്രൊജക്ട് - നെൽകൃഷി വികസനം ( 07/17)

അടങ്കൽ - 2238854/- - 515824(വികസനഫണ്ട്)

- 1723030(ഗുണഭോക്തൃ വിഹിതം)

ജി.ഒ(എം.എസ്)4/16 തസ്വഭവ തീ.11.01.2016 പദ്ധതി ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖ പ്രകാരം രാസവളത്തിനുള്ള അനുവദിക്കാവുന്ന പരമാവധി സബ്സിഡി 50% ആണ്. പഞ്ചായത്ത് 2016-17വർഷം നെൽകൃഷി വികസനം(പ്രൊജക്ട് നം.07/17)എന്ന പ്രൊജക്ടിന്റെ ഭാഗമായി രാസവളവിതരണത്തിന് സബ്സിഡി അനുവദിച്ചപ്പോൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ അശ്രദ്ധയും നോട്ടക്കുറവും കാരണം ഗുണഭോക്താക്കളുടെ വ്യക്തിഗത അക്കൌണ്ടിലേക്ക് അനർഹമായ സബ്സിഡി തുക ട്രാൻഫർ ചെയ്തതായി പരിശോധനയിൽ കണ്ടെത്തുകയുണ്ടായി.

ആകെ 1,08,901/-രൂപയുടെ രാസവളമാണ് മേൽ കാണിച്ച ബില്ല് പ്രകാരം ബാങ്ക് വിതരണം ചെയ്തതായി കാണുന്നത്. ഇതിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി മൊത്തം തുകയുടെ 50% തുകയായ 54,451/- രൂപയാണ്. എന്നാൽ കണക്കുകൂട്ടലിൽ വന്ന പിഴവ് കാരണം 99,809/-രൂപ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് സബ്സിഡിയായി നൽകി.അതായത് 50% സബ്സിഡിക്ക് പകരം 92% സബ്സിഡിയാണ് അനുവദിച്ചത്. ഈ പിഴവ് കാരണം 45,358/-രൂപയുടെ നഷ്ടം സംഭവിച്ചു. അനർഹമായി അനുവദിച്ച 45,358/-രൂപ അംഗീകരിക്കുന്നില്ല. മേൽ വിഷയം സംബന്ധിച്ച് 12.07.2017 തീയ്യതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/17)സമർപ്പിച്ച മറുപടിയിൽ ഇത് ക്ലറിക്കൽ മിസ്റ്റേക്ക് വഴി സംഭവിച്ചുപോയതാകാമെന്നും തുക എത്രയും പെട്ടെന്ന് തിരിച്ചടക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. 45,358/-രൂപ നഷ്ടത്തിനുത്തരവാദിയായവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൌണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-2 മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് വെള്ളക്കരം ഒടുക്കുന്നത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം.

ജി.ഒ.(എം.എസ്) 330/04 തസ്വഭവ തീ.09.12.2004 നം ഉത്തരവ് പ്രകാരം പൊതു ആവശ്യഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ ചെലവഴിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പൊതു ആവശ്യഗ്രാന്റ് വിനിയോഗിക്കുമ്പോൾ ഒന്നാമത്തെ മുൻഗണന നൽകേണ്ടത് കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട വെള്ളക്കരം ഒടുക്കുന്നതിനാണ്. പഞ്ചായത്ത് 2016-17 വർഷം 125 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിന് പ്രതിമാസം ₹54688/- നിരക്കിൽ തുക ചെലവഴിച്ചിട്ടുണ്ട്. ഇതിനായി പൊതു ആവശ്യഗ്രാന്റിൽ നിന്നും ആദ്യം ചെലവഴിച്ചശേഷം നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽനിന്നും പ്രൊജക്ട് തയ്യാറാക്കി തുക മുഴുവനും തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഫലത്തിൽ പൊതു ആവശ്യഗ്രാന്റ് ഒന്നും തന്നെ ഈ ആവശ്യന് വേണ്ടി ചെലവഴിക്കുന്നില്ല.

വെള്ളക്കരം ഒടുക്കുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/2016-17തീയ്യതി:11.07.2017) 13.07.2017 തീയ്യതിയിൽ സമർപ്പിച്ച മറുപടിയിൽ മേൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഭാവിയിൽ പൊതു ആവശ്യഗ്രാന്റ് വിനിയോഗിച്ച് വെള്ളക്കരം ഒടുക്കുന്നതാണെന്നും പരാമർശം ഒഴിവാക്കിത്തരണമെന്നും ആവശ്യപ്പെടുകയുണ്ടായി.

2016-17വർഷം 93,14,088/-രൂപയാണ് പൊതു ആവശ്യഗ്രാന്റായി പഞ്ചായത്തിന് ലഭിച്ചത്. ഇത്രയും ഫണ്ട് ലഭ്യമായിരിക്കെ പ്രഥമ പരിഗണന നൽകി ചെലവഴിക്കണം എന്ന് സർക്കാർ നിർദ്ദേശിച്ച മേഖലയിൽ തുക ഒട്ടും ചെലവഴിക്കാതെ മറ്റ് ഉദ്ദേശ്യങ്ങൾക്കുവേണ്ടി അനുവദിക്കുന്ന നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഈ ആവശ്യത്തിനായി വിനിയോഗിക്കുന്നത് ക്രമപ്രകാരമല്ല. ആവർത്തന ചെലവുകൾ നടത്താൻ പ്രൊജക്ട് തയ്യാറാക്കാൻ പാടില്ലെന്ന പദ്ധതി മാർഗ്ഗരേഖയിലെ പൊതു നിർദ്ദേശം കൂടി കാണുക. വെള്ളക്കരം ഒടുക്കുന്നതിന് സർക്കാർ നിർദ്ദേശിച്ച പ്രകാരം പൊതു ആവശ്യഗ്രാന്റ് വിനിയോഗിക്കേണ്ടതും നോൺ റോഡ് മെയിന്റനൻസ് ഫണ്ട് സർക്കാർ നിർദ്ദേശിച്ച ചെലവുകൾ നടത്തുന്നതിന് മാത്രം വിനിയോഗിക്കേണ്ടതുമാണ്.

## 3-3 മരുന്ന് ലഭ്യമായില്ല -തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്.

1) പ്രോജക്ട് നം: 139/17 ഹോമിയോ ഡിസ്പൻസറിക്ക് ഔഷധം വാങ്ങൽ

| | |
|---|---|
| അടങ്കൽ : | 200000 |
| ചെലവ്: | 200000 |
| ബിൽ നമ്പർ , തീയതി : | 2/16-17/28.02.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പററ്റീവ് ഫാർമസിക്ക് മേൽ കാണിച്ച പ്രകാരം തുക നൽകിയെങ്കിലും ഇതുവരെയായി മരുന്ന ലഭ്യമാക്കിയിട്ടില്ല. 200000/- രൂപയുടെ മരുന്ന് ഉടൻ തന്നെ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2) പ്രോജക്ട് നം: 22/17 ആയുർവേദ ഡിസ്പൻസറിക്ക് ഔഷധം വാങ്ങൽ

| | |
|---|---|
| അടങ്കൽ : | 400000 |
| ചെലവ്: | 400000 |
| ബിൽ നമ്പർ, തീയതി : | 1/16-17.20.12.2016<br>315000/- (നോൺ റോഡ് )<br><br>ഡി.ഡി.നം 917724/14.02.2017<br>45000/-(തനത് )<br><br>ഡി.ഡി.നം 917725/14.02.2017<br>40000/-(തനത് ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആയുർവേദ മെഡിക്കൽ ഓഫീസർ |

ഔഷധിക്ക് മേൽ കാണിച്ച പ്രകാരം തുക നൽകിയെങ്കിലും ഇതുവരെയായി 170425/- രൂപയുടെ

മരുന്ന് മാത്രമാണ് ലഭിച്ചത്. 229575/- രൂപയുടെ മരുന്ന് എത്രയും വേഗം ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

3 പ്രോജക്ട് നം: 19/17 സാന്ത്വന പരിചരണം

| | |
|---|---|
| അടങ്കൽ : | 50000/- |
| ചെലവ്: | 50000/- |
| ബിൽ/;ചെക്ക് നമ്പർ, തീയതി : | SB/JC 0543623<br>തീ. 31.03.17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്സി |

മേൽ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി ഹോംകൊ ഫാർമക്ക് 50000/- രൂപ നൽകിയിട്ടുണ്ട്. മരുന്നുകൾ ഓഡിറ്റ് തീയ്യതി വരെ ലഭ്യമാക്കിയിട്ടില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണത്തിന് (നം.3/16-17 തീ.7.07.17) മറുപടിയായി അറിയിച്ചത്. മരുന്നുകൾ ലഭിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

2016-17 വർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം&പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വൗച്ചർ നം/ബിൽ നം& തീയ്യതി | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 125/17<br>ആധുനിക ശ്മശാന നിർമ്മാണം | സെക്രട്ടറി<br>പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | ബിൽനം.26<br>തീ.31-03-2017<br>ബിൽനം.27<br>തീ.31-03-2017 | 18,46,195<br>450718 | ബ്ലോക്ക് പഞ്ചായത്ത്, എടക്കാട്. |
| 161/17<br>സമ്പൂർണ്ണ വൈദ്യുതീകരണം | സെക്രട്ടറി<br>പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | 21600894/ തീയ്യതി 23-02-2017 | 216441 | കെ.എസ്.ഇ.ബി.<br>പെരളശ്ശേരി,സബ് ഡിവിഷൻ |
| 55/17<br>പഞ്ചായത്ത് മിനി എസ്റ്റേറ്റിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ | സെക്രട്ടറി<br>പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | 21600607തീയ്യതി 23-11-2016 | 22500 | കെ.എസ്.ഇ.ബി.<br>പെരളശ്ശേരി,സബ് ഡിവിഷൻ |

| | | | | |
|---|---|---|---|---|
| 164/17<br>സ്ലീറ്റ് മെയിൻ വലിക്കൽ | സെക്രട്ടറി<br>പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | 21601077തീയ്യതി<br>23.09.2017<br>21601071തീയ്യതി<br>29.03.2017 | 39860<br>700000 | കെ.എസ്.ഇ.ബി.<br>പെരളശ്ശേരി,സബ് ഡിവിഷൻ<br>കെ.എസ്.ഇ.ബി.<br>പെരളശ്ശേരി/ചക്കരക്കൽ /കാടാച്ചിറ.സബ് ഡിവിഷൻ |
| 114/17<br>ഐ.എ.വൈ വിഹിതം | അസി.സെക്രട്ടറി<br>പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | 4/22.02.2017 | 125000/- | ബ്ലോക്ക് പഞ്ചായത്ത് പഞ്ചായത്ത്, എടക്കാട് |

## 3-5 റോഡ് കട്ടിംഗ് അനുവാദം നൽകൽ- -റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് റോഡ് കട്ടിംഗ് പെർമിറ്റ് നൽകുന്നതിനുള്ള ചാർജ്ജിനത്തിൽ ₹2,28,605/- രൂപ 2016-17 കാലയളവിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ കുടിവെള്ള കണക്ഷൻ എടുത്തതിനുശേഷം റോഡ് പൂർവ്വസ്ഥിതിയിലാക്കിയഇനത്തിൽ തൻവർഷം വൗച്ചർ പ്രകാരം ചെലവുകളൊന്നും ഉണ്ടായിട്ടില്ല. കട്ടിംഗ് ചെയ്ത റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് പ്രത്യേകമായ പ്രൊജക്ടുകളൊന്നും നടപ്പാക്കിയിട്ടുമില്ല. ഗ്രാമീണറോഡുകൾ കട്ട്ചെയ്ത് കുടിവെള്ള കണക്ഷൻ നൽകേണ്ടത് അനിവാര്യമാണെങ്കിലും പ്രസ്തുത പ്രവൃത്തിക്കുശേഷം റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് സമയബന്ധിതമായ നടപടികളും സ്വികരിക്കേണ്ടതുണ്ട്. പ്രസ്തുത പ്രവർത്തനം യഥാസമയം ചെയ്യാത്തത് മൂലം ലക്ഷകണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച റോഡുകൾ വളരെ വേഗം തകരുന്നതിന് കാരണമാവാം. റോഡ് പൂർവ്വസ്ഥിതിയിലാക്കൽ പ്രവൃത്തി ഗുണഭോക്താവ് നേരിട്ട് നിർവ്വഹിക്കുന്നതാണെങ്കിൽ ഈയിനത്തിൽ തുക ഗുണഭോക്താവിന് തിരിച്ചുനൽകുന്നതിന് മുൻപ് പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഓവർസിയർ പരിശോധിച്ച് സർട്ടിഫൈ ചെയ്യേണ്ടതാണ്. ഒരുവർഷത്തെ റോഡ് കട്ടിംഗ് പ്രവൃത്തികൾ മൊത്തമായി നിർവ്വഹിക്കുന്നതിന് മാത്രമായി പ്രത്യേക പ്രൊജക്ട് വെയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

## 3-6 മരാമത്ത് പ്രവൃത്തികളിൽ നിന്നും സർവ്വീസ് ടാക്സ് ഈടാക്കിയിട്ടില്ല.

2016-17 പദ്ധതി വർഷത്തിൽ 39 മരാമത്ത് പ്രൊജക്ടുകൾ വിവിധ മേഖലയിൽ നടപ്പാക്കിയിട്ടുണ്ട്. സർവ്വിസ് ടാക്സ് നിയമപ്രകാരം കെട്ടിടനിർമ്മാണം, കെട്ടിട അറ്റകുറ്റപണി പ്രവൃത്തികളിൽ നിന്ന് സർവ്വീസ് ടാക്സ് ഈടാക്കി ഒടുക്കേണ്ടതുണ്ട്. 2016-17 വർഷം നടപ്പാക്കിയ 39 പ്രൊജക്ടുകളിൽ 11 പ്രൊജക്ടുകൾ കെട്ടിടഅറ്റകുറ്റപണി പ്രവൃത്തികൾ നടത്തിയ പ്രൊജക്ടുകളാണ്. മേൽ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റുകളിലൊന്നുംതന്നെ സർവ്വീസ് ടാക്സ് ഈടാക്കുന്നതിനുള്ള പ്രോവിഷൻ ഉൾപ്പെടുത്തുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 9.9.2016 ലെ തീരുമാനം നം, 105

/16(2) പ്രകാരം 2016-17 വർഷത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവർത്തികളിൽ ഒന്നിലും സർവ്വീസ് ടാക്സ് ഈടാക്കിയിട്ടില്ലെന്നും, സർവ്വീസ് ടാക്സ് ഒടുക്കുന്നതിന് മാത്രമായി ഒരു പ്രത്യേക പ്രൊജക്ട് രൂപീകരിക്കുന്നതിന് തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന്(7/2017 തീയതി 8-7-2017) ലഭ്യമാക്കിയ മറുപടിയിൽ " കെട്ടിട നിർമ്മാണ, കെട്ടിടഅറ്റകുറ്റപണികൾ കരാറെടുത്തവരോട് സർവ്വീസ് ടാക്സ് രജിസ്ട്രേഷൻ എടുക്കുവാനും ബിൽ തുകയ്ക്ക് അനുസൃതമായി സർവ്വീസ് ടാക്സ് ഒടുക്കുന്നതിനും ആവശ്യപ്പെട്ടിരുന്നെങ്കിലും കരാറുകാർ ആരും തന്നെ സർവ്വീസ് ടാക്സ് രജിസ്ട്രേഷൻ എടുത്തവിവരം അറിയിച്ചിട്ടില്ലെന്നും ആയതിനാൽ സർവ്വീസ് ടാക്സ് ഈടാക്കിയിട്ടില്ല എന്നുമാണ്. ആയതിനാൽ സർവ്വീസ് ടാക്സ് ഇനത്തിൽ നിയമാനുസൃത നികുതി ഈടാക്കിബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ഇ ടെണ്ടർ- ടെണ്ടർഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല

ടെണ്ടർമൂലം നിർവ്വഹിക്കപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീയിനത്തിൽ തുകകളൊന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല. അസി.എഞ്ചിനിയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഈയിനത്തിൽ 2015-16, 2016-17 കാലയളവുകളിൽ ലഭിക്കേണ്ടുന്ന തുകകളുടെ വിവരം ചുവടെകൊടുക്കുന്നു.

| വർഷം | ഇ-ടെണ്ടർപ്രകാരം നിർവ്വഹിച്ച പ്രൊജക്ടുകൾ | ലഭിക്കേണ്ടുന്ന ടെണ്ടർ ഫീ |
|---|---|---|
| 2015-16 | 7 | 19845 |
| 2016-17 | 12 | 46700 |
| ആകെ | 19 | 66545 |

അസി.എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് പ്രസ്തുത തുക നിക്ഷേപിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതാണെങ്കിലും ഇവയുടെ വിതരണം സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഉണ്ടായിട്ടില്ല. ആയതിനാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 വെള്ളക്കരമിനത്തിലെ കുടിശ്ശിക സംബന്ധിച്ച് തീരുമാനം എടുക്കേണ്ടതാണ്.

വാട്ടർ അതോറിറ്റി ഹാജരാക്കിയ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരമിനത്തിൽ 2017 മാർച്ച് 31 ന് ₹1,35,741/- കുടിശ്ശിക അടക്കാനുള്ളതായി കാണിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണകുറിപ്പ് (നം.13/17 തീയതി 11-7-17) ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് രേഖകൾ പ്രകാരം വെള്ളക്കരമിനത്തിൽ യാതൊരു കുടിശ്ശികയും ഒടുക്കാനായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ട്രഷറി ചെക്ക് നമ്പർ 2427988 തീയതി 13-5-2014 പ്രകാരം ഒടുക്കിയിരുന്ന2014 മെയ് മാസത്തെ വെള്ളക്കര തുകയായ ₹36458/- യുടെ ചെക്ക് വാട്ടർ അതോറിറ്റി ക്യാഷ് ചെയ്യുകയുണ്ടായില്ല. (ആയതിന് വാട്ടർ അതോറിറ്റി 174655 തീയതി 13-5-2014 പ്രകാരം രശീതി നൽകിയിട്ടുണ്ട്). എന്നാൽ

പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ ചെലവിൽ വരാത്തതിനാൽ വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന പക്ഷം ഗ്രാമപഞ്ചായത്ത് തുക ഒടുക്കാമെന്നും തുക ഒടുക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ വീഴ്ച അല്ലാത്തതിനാൽ പിഴ പലിശ ഒഴിവാക്കണമെന്നും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുകയുണ്ടായി എന്നാൽ ഇതിന് അനുകൂലമായ മറുപടി വാട്ടർ അതോറിറ്റിയിൽ നിന്നും ഉണ്ടായിട്ടില്ല. ഈവിധം 2014 ൽ ക്യാഷ് ചെയ്യാതിരുന്ന ബിൽ തുകയായ ₹36,458/- രൂപയാണ് പിഴപലിശചേർത്ത് 2017 മാർച്ച് 31 ന് 1,35,741/- രൂപയായി തീർന്നിട്ടുള്ളത്. പ്രസ്തുത വിഷയം സംബന്ധിച്ച് വാട്ടർ അതോറിറ്റി അധികൃതരുമായി നിരവധി കത്തിടപാടുകൾ നടത്തിയിട്ടും പരിഹാരം ഉണ്ടായിട്ടില്ല. ആയതിനാൽ പ്രസ്തുത വിഷയം സർക്കാർ തലത്തിൽ ഉന്നയിച്ച് പരിഹാരം ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയിട്ടില്ല. ജലലഭ്യത ഉറപ്പുവരുത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ 125 വാട്ടർ ടാപ്പുകളുടെ ചാർജാണ് 54688/- രൂപയായി നിലവിൽ ഒടുക്കിവരുന്നത്. എന്നാൽ ഈ 125 ടാപ്പുകളും പ്രവർത്തനക്ഷമമാണോ എന്ന് സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടില്ല. വാട്ടർ ടാപ്പുകൾക്ക് പ്രതിവർഷ നിരക്കായ ₹ 5250/- പ്രകാരമാണ് തുക ഒടുക്കുന്നത്. സ.ഉ.നം. 2209/89 KWA HO (F) തീയതി 22-3-1999 പ്രകാരം ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച പൊതുടാപ്പിൽകൂടി ഒരു മിനുട്ടിൽ ശരാശരി 5 ലിറ്റർ എന്നതോതിൽ ശരാശരി 8 മണിക്കൂർ നേരത്തേക്ക് പ്രതിദിനം 2.4 കിലോലിറ്റർ ജലം ലഭിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ വിധത്തിലുള്ള ജലലഭ്യത ഉറപ്പുവരുത്തവാൻ പൊതുടാപ്പുകൾക്ക് മീറ്റർ സ്ഥാപിക്കേണ്ടതാണ്. സംയുക്തപരിശോധന നടത്തി പ്രവർത്തന ക്ഷമമല്ലാത്തതും ആവശ്യമില്ലാത്തതുമായ പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 3-10 ജീവനകാരിക്ക് അർഹമായ ഇൻക്രിമെന്റ് ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലർക്ക് തസ്തികയിൽ 13-9-13 മുതൽ ജോലിചെയ്തുവരുന്ന അജിത.വി എന്നവർക്ക് നിലവിൽ അടിസ്ഥാന ശമ്പളത്തോടൊപ്പം വാർഷിക ഇൻക്രിമെന്റ് നൽകുന്നതായി കാണുന്നില്ല. 16-8-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽകാലിക നിയമനം ലഭിച്ച് 179 ദിവസം പൂർത്തിയാക്കിയവരെ സാമൂഹ്യ നീതി വകുപ്പിന്റെ സ.ഉ (ഡി) നം.5/2017 തീയതി, 26-4-2017 ഉത്തരവ് പ്രകാരം സ്ഥിരനിയമനം നൽകിയ സ്കീമിൽ ഉൾപ്പെടുത്തിയാണ് അജിത വി എന്നവർക്ക് നിയമനം ലഭിച്ചിരുന്നത്. ടി ജിവനക്കാരിയുടെ സേവന പുസ്തകം പരിശോധിച്ചതിൽ ടി ജിവനക്കാരിക്ക് ഇൻക്രിമെന്റ് അനുവദിച്ചതായും എന്നാൽ പ്രസ്തുത തുക തിരിച്ചടപ്പിച്ചതായും കാണുന്നു. മേൽ വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10-9-2013 ലെ ഇ. 7544 /13 ഉത്തരവ് പ്രകാരം (സൂപ്പർ ന്യൂമറി ) തസ്തികയിൽ 13-9-2013 മുതൽ പ്രസ്തുത ജീവനക്കാരി ഓഫീസിൽ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതായും, ടി ജീവനക്കാരിയുടെ നിയമനം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28-10-2015 ഇ1.7544/13 നമ്പർ ഉത്തരവ് പ്രകാരം ക്രമവത്കരിച്ചും, ടിയാളുടെ പ്രൊബേഷൻ 18-9-2015 പൂർവ്വാഹനം വെച്ച് 01-02-2015 തീയതിയിലെ ഇ 1.9172 /15 കെ.ഡിസ് ഉത്തരവ് പ്രകാരം പൂർത്തികരിച്ചും ഉത്തരവായിരുന്നു എന്നുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരിക്ക് ഇൻക്രിമെന്റ് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രത്യേക സ്കീമിൽ ഉൾപ്പെടുത്തി സൂപ്പർ ന്യൂമറി തസ്തികയിൽ നിയമിച്ച ജീവനക്കാരുടെ നിയമനം സ്ഥിരപ്പെടുത്തുന്നതിന് സർക്കാരിൽ നിന്നും മാർഗ്ഗനിർദ്ദേശം ലഭിക്കാത്തതിനാൽ ഈ സ്കീമിൽ ഉൾപ്പെടുത്തി നിയമിച്ച അജിത. വി എന്നവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 7-01-2016

തീയതിയിലെ ഇ1. 7544/13 നമ്പർ കത്ത് പ്രകാരം റദ്ദുചെയ്യുകയുണ്ടായി ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരിക്ക് അനുവദിച്ചിരുന്ന ഇൻക്രിമെന്റ് തിരിച്ചടപ്പിക്കുകയുണ്ടായി, എന്നാൽ സാമൂഹ്യ നീതി വകുപ്പിന്റെ 26-4-2017 ലെ സ.ഉ.(പി) നം. 5/17/ പ്രകാരം മേൽ വിഭാഗം ജീവനകാർക്ക് കെ. എസ്. ആർ പാർട്ട് (1) വ്യവസ്ഥകൾ പ്രകാരം ഇൻക്രിമെന്റ് അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ജീവനക്കാരിക്ക് അർഹമായ ഇൻക്രിമെന്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 ഹെഡ് മിസ്ട്രസ്സ് നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ 129720/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1)പദ്ധതി-വിദ്യാലയങ്ങൾക്ക് സ്പോർട്സ് കിറ്റ് വിതരണം 107/17

അടങ്കൽ-40000

ചെക്ക് നം. 015365 തീ.15.03.2017 39720 രൂപ

ഗ്രാമ പഞ്ചായത്തിലെ വിദ്യാലയങ്ങൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം ആർ എഫ് ട്രേഡേർസ് ചോനാടം എരഞ്ഞോളി എന്ന സ്ഥാപനത്തിൽ നിന്ന് ലഭിച്ച സ്പോർട്സ് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ടി അന്വേഷണകുറിപ്പ് നൽകിയതിനെതുടർന്ന് ഒരു താൽക്കാലിക രജിസ്റ്ററിൽ സ്റ്റോക്ക് രേഖപ്പെടുത്തി ഹാജരാക്കുകയാണ് ഉണ്ടായത്. ഉപകരണങ്ങൾ ലഭിക്കുമ്പോൾ തന്നെ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിനാൽ 39720/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)പദ്ധതി-വിദ്യാത്ഥികൾക്ക് കായിക പരിശീലനം 108/17

അടങ്കൽ-40000

ചെക്ക് നം. 015538 തീ.29.03.2017 40000 രൂപ

ഗ്രാമ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് വേണ്ടി നടപ്പിലാക്കിയ പദ്ധതിയിൽ കായിക പരിശീലനത്തിൽ പങ്കെടുത്ത ഗ്രാമ പഞ്ചായത്തിലെ വിദ്യാത്ഥികളെ തെരഞ്ഞെടുത്ത സ്കൂൾ അധികൃതരിൽ നിന്നുള്ള സാക്ഷ്യപത്രം, പരിശീലകർ സ്പോർട്സ് കൗൺസിൽ അംഗീകരിച്ചതാണെന്ന സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ടി അന്വേഷണകുറിപ്പ് നൽകിയിരുന്നതിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 40000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3)പദ്ധതി-ബാലസഭാകുട്ടികൾക്ക് കരാട്ടെ പരിശീലനം 106/17

അടങ്കൽ-50000

ചെക്ക് നം.015538 തീ. 29.03.2017 50000 രൂപ

ബാലസഭാകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിന് വേണ്ടി നടപ്പിലാക്കിയ പദ്ധതിയിൽ പരിശീലനം ലഭിച്ച വിദ്യാത്ഥികൾ ബാലസഭയിൽ ഉൾപ്പെട്ടതാണെന്ന് കുടുംബശ്രീ സമർപ്പിച്ച ലിസ്റ്റ് ആയത് ഗ്രാമസഭ അഗീകരിച്ചത് എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ടി അന്വേഷണകുറിപ്പ് നൽകിയിരുന്നതിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 50000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ക്ഷേമപെൻഷൻ- അപേക്ഷ സ്വീകരിക്കുന്നതു മുതൽ പെൻഷൻ വിതരണം വരെയുള്ള നടപടിക്രമങ്ങൾ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന ക്ഷേമപെൻഷൻ അപേക്ഷകളെ സംബന്ധിച്ച വിവരങ്ങൾ തീയതിക്രമത്തിൽ രജിസ്റ്ററിൽ ചേർത്തു സൂക്ഷിക്കേണ്ടതാണ്. അപേക്ഷകൾ അന്വേഷണഉദ്യോഗസ്ഥർക്ക് കൈമാറുന്ന തീയതി, അന്വേഷണറിപ്പോർട്ട് സഹിതം തിരിച്ചുകിട്ടുന്ന തീയതി, ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനം എടുത്ത തീയതി, പെൻഷൻ അനുവദിച്ച തീയതി, ഓരോ തവണയും പെൻഷൻ ആനുകൂല്യം നൽകുന്ന വിവരങ്ങൾ എന്നിവയെല്ലാം കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

സർക്കാർ ഉത്തരവ് നം. 57414/ഡി,പി 1/2003 ത.സ്വ.ഭ. വ തീയതി 18-12-2003 പ്രകാരം ക്ഷേമപെൻഷൻ അപേക്ഷകളിൽ, അർഹത നിർണ്ണയിക്കുന്നതിന് അവലംബമാക്കിയ മാനദണ്ഡങ്ങൾ, അനുവദിച്ച, തിരസ്കരിച്ച അപേക്ഷകളുടെ വിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

തൊഴിൽ രഹിതവേതനം കൈപ്പറ്റുന്നഗുണഭോക്താകൾ ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ വേതനം കൈപ്പറ്റിവരുന്നുണ്ടോ എന്ന് പരിശോധന നടത്തേണ്ടതാണ്. ഗുണഭോക്താക്കളിൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദ്ചെയ്യപ്പെട്ട്പ്രത്യേക ഉത്തരവുമൂലം പുതുക്കിയവർക്ക് തൊഴിൽ രഹിതവേതനത്തിന് അർഹതയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ചും പരിശോധന നടത്തേണ്ടതാണ്.

ജി.ഒ.(എം.എസ്) 59/2013 സാമൂഹ്യ നീതി വകുപ്പ് തീയതി 20-7-2013 ഉത്തരവിൽ സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 3 ലക്ഷമായി ഉയർത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധയിനങ്ങളിൽ താഴെപറയുന്ന അപേക്ഷകളിൽ പെൻഷൻ അനുവദിച്ചിരുന്നു.

| പെൻഷൻ ഇനം | പെൻഷൻ അനുവദിച്ചവരുടെ എണ്ണം |
|---|---|
| വാർദ്ധക്യകാല പെൻഷൻ | 672 |
| വിധവ പെൻഷൻ | 168 |
| ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവവർക്കുള്ള പെൻഷൻ | 23 |
| 50വയസ്സ് കഴിഞ്ഞ അവിവാഹിത വനിതകൾക്കുള്ള പെൻഷൻ | 26 |

എന്നാൽ ജി.ഒ.(എം.എസ്) 52/14 സാ.ക്ഷേ.വകുപ്പ് തീയതി-20-6-2014 ഉത്തരവിലൂടെ 3 ലക്ഷമെന്ന

വരുമാന പരിധി പിൻവലിക്കുകയും, വരുമാനപരിധി 1 ലക്ഷമായി ഏകീകരിക്കുകയും ചെയ്തു. 3 ലക്ഷം വാർഷീക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച ഗുണഭോക്താവിനും തുടർന്നുള്ള മാസങ്ങളിൽ പെൻഷൻ നൽകേണ്ടത് 1 ലക്ഷം രൂപ വാർഷിക വരുമാനപരിധി നിശ്ചയിച്ച് കൊണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന വിധം എണ്ണം ഗുണഭോക്താകളുടെ പെൻഷൻ നിർത്തൽ ചെയ്തിട്ടുണ്ട്.

| പെൻഷൻ ഇനം | നിർത്തൽ ചെയ്ത പെൻഷൻ ഗുണഭോക്താകളുടെ എണ്ണം |
|---|---|
| വാർദ്ധക്യകാല പെൻഷൻ | 98 |
| വിധവ പെൻഷൻ | 6 |

വരുമാനം 3 ലക്ഷമായി ഉയർത്തിയതനുസരിച്ച് പെൻഷൻ അനുവദിച്ചവരിൽ 104 പേരുടെ പെൻഷൻ വരുമാനപരിധി 1 ലക്ഷമായി കുറച്ച ഉത്തരവിനെ തുടർന്ന് നിർത്തൽ ചെയ്തതായി സെക്രട്ടറി ഓഡിറ്റ് അന്വേഷണകുറിപ്പ് ( നം. 15/17 തീയതി 12-7-17) നുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്.

ക്ഷേമപെൻഷൻ തുക ഗുണഭോക്താക്കളുടെ അകൗണ്ടുകളിലേക്ക് കൈമാറുന്ന സമ്പ്രദായം നിലവിൽ വന്നതിനാൽ സ്ഥലം മാറിപോയതും, മരണപ്പെട്ടതുമായ ഗുണഭോക്താക്കളുടെ പെൻഷൻ തുക തിരികെ ഈടാക്കാൻ നിലവിൽ സംവിധാനമില്ല. ഗ്രാമപഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പരിശോധിച്ചും മറ്റ് സ്ഥലങ്ങളിൽ വച്ച് മരണപ്പെട്ടതും ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന കേസുകളിലും മരണപ്പെട്ടുപോയ പെൻഷൻ ഗുണഭോക്താകളുടെ പെൻഷൻ നിർത്തൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പെൻഷൻ ഗുണഭോക്താക്കളുടെ തുടർ പെൻഷൻ അർഹത പരിശോധിക്കുന്നതിനും, പെൻഷൻ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും നടപടിസ്വീകരിക്കേണ്ടതാണ്. കൂടാതെ ഓരോ പെൻഷൻ പദ്ധതിക്കും സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള രജിസ്റ്റർ തയ്യാറാകി വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുത്തേണ്ടതാണ്. ലഭിച്ച അപക്ഷകൾ യഥാസമയം അന്വേഷണത്തിന് സമർപ്പിക്കേണ്ടതും, അന്വേഷണഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, സ്റ്റാൻറ്റിംഗ് കമ്മറ്റി തീരുമാനവും ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത് സംമ്പന്ധിച്ച വിവരങ്ങളും കൃത്യതയോടെ രേഖപ്പെടുത്തേണ്ടതാണ്. അക്കൗണ്ട് വഴിയുള്ളതും, ഗുണഭോക്താക്കൾക്ക് നേരിട്ട് എത്തിച്ചുനൽകുന്ന വിധത്തിലുള്ളതുമായ പെൻഷൻ വിതരണം സംബന്ധിച്ച പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിലാണ് നിർവ്വഹിക്കപ്പെടുന്നത് എന്ന് ഉറപ്പുവരുത്തുവാൻ വിശദമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് എടക്കാട് | 300000 | പിലാഞ്ഞി അങ്കണവാടി കെട്ടിടനിർമ്മാണം | 300000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ മെഡിക്കൽ ഓഫീസർ,കണ്ണൂർ ജില്ലാ പഞ്ചായത്ത് | 100000 | സാന്ത്വന പരിചരണം | 100000 | 0 |
| പ്രിൻസിപ്പൽ കൃഷി ഓഫീസ്,കണ്ണൂർ ജില്ലാ പഞ്ചായത്ത് | 45000 | നെൽകൃഷി വികസനം | 45000 | 0 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരം ചേർത്തിട്ടുള്ളത്. മുൻവർഷങ്ങളിൽ ലഭിച്ച് ഇതുവരെയായി ചെലവഴിക്കാൻ ബാക്കിയായ ഫണ്ടുകൾ (അക്കൌണ്ടിലെ ബി 4 ഷെഡ്യൂൾ പ്രകാരം കാണിച്ചിട്ടുള്ളത്.) സർക്കാർ നിർദ്ദേശപ്രകാരം ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി, പെരളശ്ശേരി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21601071<br>21601077 | 700000<br>39860 | ഇല്ല | 700000<br>39860 |
| കെ.എസ്.ഇ.ബി, പെരളശ്ശേരി | സമ്പൂർണ്ണ വൈദ്യതീകരണം | 21600894 | 216441 | ഇല്ല | 216441 |
| കെ.എസ്.ഇ.ബി, പെരളശ്ശേരി | പഞ്ചായത്ത് മിനി എസ്റ്റേറ്റിലേക്ക് വൈദ്യതി ലൈൻ വലിക്കൽ | 21600607 | 22500 | ഇല്ല | 22500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇ.എം.എസ്. ഭവന പദ്ധതിക്കായി 734250/- രൂപയുടെ വായ്പക്ക് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | തൻവർഷം | ബാക്കി |
|---|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ലഭിച്ച വായ്പ | തിരിച്ചടച്ച തുക | | |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(ആർ.ടി) 477/2010 /ത.സ്വ.ഭ.വ തീ 11.02.2010 | 734250 | 146850 | ഇല്ല | 73425 | ഇല്ല | 73425 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡെവലപ്പ്മെന്റ് സൊസൈറ്റി | 20000 |
| ആകെ | 20000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച-5885/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14. 2014-15 | 3-7 | 2500 | സി.ഉമേഷ് കോൺട്രാക്ടർ | 11601103099 Dt.21.10.2016 |
| 2013-14. 2014-15 | 3-4(4) | 3385 | കെ.സി.ദിജീഷ് കുമാർ,കോൺട്രാക്ടർ | 11601103441 Dt.01.11.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കു ന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-3,3-7,4-1 | 2014-15 | | നിഷ്ക്രിയ ആസ്തി -നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും | സ്ഥാപനം മറുപടി സമർപ്പിച്ചു. |
| | 4.2.2.4.26(15) | 2014-15 | | മൃഗാശുപത്രി- തദ്ദേശഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ- ക്ഷീരവികസന മേഖലയും | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 46956606 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 44778433 |
| വരവിനങ്ങളിലുള്ള നഷ്ടം | 5130 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45358 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 129720 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 2-2 | 5130 | -- | അശോകൻ മലപ്പിലായി, സെക്രട്ടറി |
| 3-1 | -- | 45358 | ബിന്ദു.എൻ.കെ, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 129720 | ശ്രീമതി.സുജനകോണിപ്പൊരിയൻ, ഹെഡ് മിസ്ട്രസ്സ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അശോകൻ മലപ്പിലായി, സെക്രട്ടറി | സെക്രട്ടറി, പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | അശ്വതി സദൻ കരിയിൽ നിർമ്മലഗിരി (പി.ഒ) കണ്ണൂർ ജില്ല |
| ബിന്ദു.എൻ.കെ. കൃഷി ഓഫീസർ | കൃഷി ഓഫീസർ കൃഷി ഭവൻ, എടക്കാട് | റിഥം പള്ളിക്കുന്ന് കണ്ണൂർ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95. 1995-96 | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14 തീയതി 14-10-2014 | 2 |
| 1997-98 | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14 തീയതി 14-10-2014 | 3 |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14<br>തീയതി 14-10-2014 | 7 |
| 1999-00 | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14<br>തീയതി 14-10-2014 | 3 |
| 2000-01<br>(പദ്ധതി) | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14<br>തീയതി 14-10-2014 | 2 |
| 2000-01<br>(തനത്) | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14<br>തീയതി 14-10-2014 | 1 |
| 2001-02<br>(തനത്) | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14<br>തീയതി 14-10-2014 | 1 |
| 2001-02<br>(പദ്ധതി) | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14<br>തീയതി 14-10-2014 | 1 |
| 2002-03 | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14<br>തീയതി 14-10-2014 | 3 |
| 2003-04 | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14<br>തീയതി 14-10-2014 | 3 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14<br>തീയതി 14-10-2014 | 3 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14<br>തീയതി 14-10-2014 | 2 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14<br>തീയതി 14-10-2014 | 4 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14 | 22 |

| | | |
|---|---|---|
| | തീയതി 14-10-2014 | |
| 2008-09, 2009-10, 2010-11, | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14 തീയതി 14-10-2014 | 15 |
| 2011-12, 2012-13 | എൽ.എഫ്.കെ.എൻ.ആർ./സി2/1524/14 തീയതി 14-10-2014 | 18 |
| 2013-14, 2014-15 | എൽ.എഫ്.കെ.എൻ.ആർ./സി11/2148/2016 തീയതി 20-12-2016 | 6 |
| 2015-16 | എൽ.എഫ്.കെ.എൻ.ആർ./സി2/1969/16 തീയതി 01-12-2016 | 4 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.-കെ.എൻ.ആർ/സി.6/1236/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ – doknr.ksad@kerala.gov.in
ഫോൺ – 04972-707698
തീയ്യതി – 14.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

APPENDIX - 1

AUDIT CERTIFICATE

No.KSA-KNR/C6/1236/2017

Kerala State Audit Department,
District Audit Office, Kannur,

Phone 04972-707698

E-Mail. doknr.ksad@kerala.gov.in

Date: 14.09.2017

Certified that I have audited the Annual Financial Statement of Peralasseri Gramapanchayath in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Peralasseri Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

KERALA STATE AUDIT DEPARTMENT

# അനുബന്ധം2

## ഇൻകം ആന്റ് എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ്

Income & Expenditure statement

For the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 4340721 |
| 130000000 | Rental Income from panchayath properties | 1-3 | 206216 |
| 140000000 | Fee &User charges | I-4(b) | 738009 |
| 150000000 | Sale &Hire Charges | I-5(b) | 162826 |
| 160000000 | Revenue Grants,Funds,Contributions& Compensations | I-6 | 95781216 |
| 171000000 | Interest Earned | I-8 | 380775 |
| A | Total Income | | 101609763 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 8615643 |
| 220000000 | Administrative Expenses | I-11(b) | 827047 |
| 230000000 | Operations & Maintanance | I-12(b) | 1764103 |
| 240000000 | Interest & Finance Charges | I-13 | 932 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 11319400 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 16902910 |

| | | | |
|---|---|---|---|
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 1558968 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 257930 |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes(not included under Decentralised Plan Programme) | I-14(d) | 51813000 |
| 255000000 | Maintenance Projects | I-14(e) | 5646928 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | |
| 272000000 | Depreciation | 1-17(a) | 8347575 |
| B | Total - Expenditure | | 107054436 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | -5444673 |
| D=280000000 | Prior period Item | I-18 | 395837 |
| E=C-D 290000000 | Gross Surplus/Deficit of Income over Expenditure after prior period items Transfer to reserve funds | | -5840510 |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

DEPUTY DIECTOR

# അനുബന്ധം3

## റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ്

Peralassery Grama Panchayat

Receipt And Payment Statement For the period from

01-April 2016 to 31 March 2017

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 10013750.75 |
| | Cash | RP-40(a) | 0 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP- 1 | 1344468 |
| 130000000 | Rental Income from Panchayath Properties | RP-3 | 300 |
| 140000000 | Fees & User Charges | RP- 4 | 679999 |
| 150000000 | Sale & Hire Charges | RP- 5 | 162826 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP- 7 | 10205688 |
| 171000000 | Interest Earned | RP- 9 | 380775 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 29847119 |
| 350000000 | Other Liabilities | RP-36 | 243356 |
| 431000000 | Sundry Debtors(Recievables) | RP-43 | 89755 |

| | | | |
|---|---|---|---|
| Non Operating | | | |
| 311000000 | Earmarked Funds | RP-29 | 1500 |
| 340000000 | Deposits Received | RP- 34 | 40565 |
| 350000000 | Other Liabilities | RP- 36 | 224989 |
| 431000000 | Sundry Debtors(Receivables) | RP- 43 | 3310450 |
| 460000000 | Loans,Advances and Deposits | RP- 47 | 424816 |
| Grand Total | | | 56970356.75 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2334786 |
| 220000000 | Administrative Expenses | RP-12 | 827047 |
| 230000000 | Operatations & Maintanance | RP-13 | 1675695 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 4579540 |
| 251000000 | Decentralised plan programme – Service Sector | RP-16 | 8783396 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 1558968 |
| 253000000 | Decentralised plan programme – projects not included in service sector | RP-18 | 257930 |
| 254000000 | Expenditure of Transferred Institutions and State Sponsored | RP-19 | 891600 |

| | | | |
|---|---|---|---|
| | Scheme | | |
| 255000000 | Maintanance Projects | RP-20 | 5646928 |
| 256000000 | Other Revenue Grants & Funds-Revenue Expenses | RP-21 | 0 |
| 320000000 | Grants,Funds & Contributions for Specific Purposes | RP-31 | 400008 |
| 350000000 | Other Liabilities | RP-36 | 4749082 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 932 |
| 280000000 | Priorperiod Item | RP-26 | 400008 |
| 330000000 | Secured Loans | RP-32 | 73425 |
| 340000000 | Deposits Received | RP-34 | 31500 |
| 350000000 | Other Liabilities | RP-36 | 1817530 |
| 410000000 | Fixed Assets | RP-38 | 3607933 |
| 412000000 | Capital Work In Progress | RP-40 | 5261593 |
| 460000000 | Loans,Advances and Deposits | RP-47 | 1585061 |
| | Closing Balance | | |
| | Bank | RP-40(b) | 12991923.75 |
| | Cash | RP-40(b) | 0 |
| Grand Total | | | 56970356.75 |

DEPUTY DIRECTOR

# അനുബന്ധം4

## ബാലൻസ് ഷീറ്റ്

Peralassery Grama Panchayat

Balance Sheet

As on 31 March 2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | Liabilities | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | -1383731.25 |
| 311000000 | Earmarked Funds | B-2 | 11394 |
| 312000000 | Reserves | B-3 | 34499552 |
| | Total Reserve & surplus | | 33127214.75 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds & Contributions for Specific Purposes | B-4 | 1431537 |
| | Total Grants,Funds & Contributions for Specific Purposes | | 1431537 |
| | Loans | | |
| 330000000 | Secured Loans | B5 | 73425 |
| | Total Loans | | 73425 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 226970 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 1025642 |
| | Total Current Liabilities and Provisions | | 1252612 |
| | TOTAL LIABILIITIES | | 35884788.75 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 39037857 |
| 411000000 | Accumulated Depreciation | B-11 | -17403536 |
| 412000000 | Capital Work In Progress | B-11(a) | |
| | Total Fixed Assets | | 21634321 |
| 420000000 | Investment | B-12 | 20000 |
| | Total Investment | | 20000 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 47724 |
| 440000000 | Pre paid Expenses | B16 | 73425 |
| 450000000 | Cash and Bank balance | B-17 | 12191923.75 |
| 460000000 | Loans,Advances and Deposits | B-18 | 1917395 |
| | Total Current Assets,Loans and Advances | | 14230467.75 |
| | Total Assets | | 35884788.75 |

DEPUTY DIRECTOR